"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ആലപ്പുഴ ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിലും ആലപ്പുഴ മുനിസിപ്പാലിറ്റിയിലുമായി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ പി.കെ.കാളൻ ഭവന പദ്ധതിയിൽ വ്യാപക ക്രമക്കേടുകൾ നടന്നതായി ആരോപണം- അന്വേഷണ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1726/2026/LSGD  തീയതി,തിരുവനന്തപുരം, 11-09-2026

പരാമർശം:- 1. സ.ഉ.(സാധാ)നം.413/2018/SCSTDD, തീയതി 26.03.2018

2. സ.ഉ.(സാധാ)നം.441/2018/SCSTDD, തീയതി 04.04.2018

**ഉത്തരവ്**

2017-18 വർഷത്തെ വാർഷിക പദ്ധതിയിലെ 'അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ' ഒരു ഘടക പദ്ധതിയായി ഉൾക്കൊള്ളിച്ചിട്ടുള്ള 'പി.കെ.കാളൻ കുടുംബ പദ്ധതിയുടെ' ആദ്യഘട്ടം ആലപ്പുഴ ജില്ലയിലെ ഉള്ളാട സമുദായത്തിൽ നടപ്പിലാക്കുന്നതിനുള്ള അംഗീകാരം നൽകിയും പദ്ധതിക്കായി ₹5,06,81,000/-രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് വിഭാവനം ചെയ്ത ടി പദ്ധതിയുടെ മൈക്രോപ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നത്തിനായി കുടുംബശ്രീയെ ചുമതലപ്പെടുത്തിയിരുന്നു.

2) ആലപ്പുഴ ജില്ലയിലെ പുന്നപ്ര, മാരാരിക്കുളം, മണ്ണഞ്ചേരി, ആര്യാട് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആലപ്പുഴ മുനിസിപ്പാലിറ്റിയിലുമായി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ പി.കെ.കാളൻ ഭവന പദ്ധതിയിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായി മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, കുടുംബശ്രീയ്ക്ക് പദ്ധതി ഏൽപ്പിച്ച ഘട്ടംമുതലുള്ള പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഘട്ടങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കി അഴിമതി ആരോപണങ്ങളുടെ നിജസ്ഥിതി പരിശോധിക്കുന്നതിനായി തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ് അഡീഷണൽ സെക്രട്ടറി കൺവീനറായും, ചീഫ് ഫിനാൻസ് ഓഫീസർ, കുടുംബശ്രീ ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി അന്വേഷണ സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

3) സമിതി അന്വേഷണം പൂർത്തിയാക്കി 30 ദിവസത്തിനകം അന്തിമ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും കുറ്റക്കാർ സംരക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്ന് പ്രത്യേകം അന്വേഷിക്കുകയും, അഴിമതിക്കും വീഴ്ചകൾക്കും കാരണക്കാരായ ഏജൻസികൾക്കും ഉദ്യോഗസ്ഥർക്കുമെതിരെ കർശന നിയമ/ അച്ചടക്ക നടപടികൾക്ക് ശുപാർശ ചെയ്യേണ്ടതും, സമാന പദ്ധതി ഇതര പേരുകളിൽ മറ്റ് ജില്ലകളിൽ നടപ്പാക്കിയതും പരിധിയിൽപ്പെടുത്തി ആയതിന്റെ റിപ്പോർട്ട് 3 മാസത്തിനകം പ്രത്യേകം സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തികൾക്ക് (ത.സ്വ.ഭ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാമിഷൻ കോർഡിനേറ്റർ, കുടുംബശ്രീ, ആലപ്പുഴ
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്/
സെക്രട്ടറിയുടെ പി.എ യ്ക്ക്/ അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്